നം.വൈ2/30077/18/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം     തീയതി: 07.05.2018
ഫോൺ നം. 0471-2580506
ഇ-മെയിൽ- y2section@gmail.com

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

**വിഷയം;- പൊ.വി.- പ്രൊഫ. ജോസഫ് മൂണ്ടശ്ശേരി സ്മാരക സാഹിത്യ അവാർഡ് 2018-19 -സംബന്ധിച്ച്**

സൂചന:-

ഈ വർഷത്തെ പ്രൊഫ. ജോസഫ് മൂണ്ടശ്ശേരി സ്മാരക സാഹിത്യ അവാർഡിന് സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ സർവ്വീസിലുള്ള അധ്യാപകരിൽ നിന്നും സ്വന്തം രചനകൾ ക്ഷണിക്കുന്നു. 01/01/2012 മുതൽ 31/12/2016 വരെയുള്ള കാലയളവിൽ മലയാള ഭാഷയിൽ പ്രസിദ്ധീകരിച്ച ആദ്യത്തെ പതിപ്പാണ് അയയ്ക്കേണ്ടത്. സർഗാത്മക സാഹിത്യം, വൈജ്ഞാനിക സാഹിത്യം, ബാലസാഹിത്യം എന്നീ മൂന്ന് വിഭാഗങ്ങളിൽ പ്രത്യേകം അവാർഡുകളാണ് നൽകുന്നത്.

ഗ്രന്ഥകർത്താവ് സ്ഥിരം നിയമനം ലഭിച്ചിട്ടുള്ളതും ഇപ്പോൾ സർവ്വീസിൽ തുടരുന്നതുമായ അധ്യാപകൻ/അധ്യാപിക ആണെന്നുള്ള സ്ഥാപനത്തിന്റെ മേധാവിയുടെ സാക്ഷ്യപത്രവും കൃതിയുടെ അച്ചടിച്ച 5 കോപ്പികളും സഹിതം 30/06/2018 ന് 5 മണിക്ക് മുമ്പായി **പബ്ലിക് റിലേഷൻസ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം-14** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. കവറിന്റെ പുറത്ത് **'പ്രൊഫ. ജോസഫ് മൂണ്ടശ്ശേരി സ്മാരക സാഹിത്യ അവാർഡ്'** എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. കൂടാതെ രചനകൾ ഏത് മേഖലയിൽ ഉൾപ്പെടുന്നു എന്നുള്ളതും രേഖപ്പെടുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിൽ പ്രഗത്ഭ വ്യക്തികൾ ഉൾപ്പെടുന്ന ഒരു സമിതി അവാർഡിന് അർഹതയുള്ള കൃതികൾ തെരഞ്ഞെടുക്കുന്നത്. 10,000/- രൂപയും പ്രശസ്തി പത്രവും ശില്പവും അടങ്ങുന്ന അവാർഡ് ഈ വർഷത്തെ അധ്യാപക ദിനാഘോഷ വേദിയിൽ സമ്മാനിക്കുന്നതാണ്.

താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സ്കൂളുകളിലും ഇത് സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതാണ്. കൂടാതെ സാഹിത്യമേഖലയിൽ പ്രശസ്തരായ അധ്യാപകർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവാർഡിനുള്ള കൃതികൾ അയയ്ക്കുവാൻ വ്യക്തിപരമായ കത്ത് മുഖേനയും പ്രേരിപ്പിക്കുന്നത് ഉചിതമായിരിക്കും.

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**